# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 226 | 30.11.2015-ൽ മറുപടിയ്ക്ക്

## പീഡനങ്ങൾ സംബന്ധിച്ചുള്ള റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സർക്കാരിന്റെ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ ഏറ്റവും പുതിയ കണക്കനുസരിച്ച് ഈ സർക്കാർ കാലയളവിനുള്ളിൽ സംസ്ഥാനത്ത് ബലാത്സംഗത്തിനിരയായ സ്ത്രീകൾ എത്ര; വർഷം തിരിച്ച് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) സംസ്ഥാന സർക്കാരിന്റെ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ ഏറ്റവും പുതിയ കണക്കനുസരിച്ച് ഈ സർക്കാരിന്റെ കാലയളവിനുള്ളിൽ സംസ്ഥാനത്ത് ബലാത്സംഗത്തിനിരയായ സ്ത്രീകളുടെ എണ്ണം 5386 ആണ്. ആയതിന്റെ വർഷം, ജില്ല എന്നിവ തിരിച്ചുള്ള വിവരം **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) ഇതിൽ ഒരു വയസ്സിനും പതിനേഴ് വയസ്സിനുമിടയിലുള്ളവര എത്ര; 18 വയസ്സിനും 50 വയസ്സിനുമിടയിലുള്ളവർ എത്ര; 50 വയസ്സിനു മുകളിലുള്ളവർ എത്ര; വർഷം തിരിച്ച് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ബി) ഇതിൽ ഒരു വയസ്സിനും പതിനേഴ് വയസ്സിനുമിടയിലുള്ളവർ 2741;<br>18 വയസ്സിനും 50 വയസ്സിനുമിടയിലുള്ളവർ 2558;<br>50 വയസ്സിനു മുകളിലുള്ളവർ 87; ആയതിന്റെ വർഷം, ജില്ല എന്നിവ തിരിച്ചുള്ള വിവരം **അനുബന്ധമായി** ചേർത്തിരിക്കുന്നു. |
| (സി) ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ ആൺകുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ എത്രയെണ്ണം റിപ്പോർട്ട് ചെയ്തു; വർഷം തിരിച്ച് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (സി) ഈ സർക്കാരിന്റെ കാലയളവിനുള്ളിൽ നാളിതുവരെ ആൺകുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ 1297 എണ്ണം റിപ്പോർട്ട് ചെയ്തു. ആയതിന്റെ വർഷം, ജില്ല എന്നിവ തിരിച്ചുള്ള വിവരം **അനുബന്ധമായി** ചേർത്തിരിക്കുന്നു. |
| (ഡി) ഇത്തരം കേസ്സുകളിൽ പോലീസ് ഈ കാലയളവിനുള്ളിൽ എത്ര കേസ്സുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തു, എത്ര കേസ്സുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തു; ആയതിൽ എത്ര പേരെ കേസ്സ് വിചാരണ പൂർത്തിയാക്കി ജയിലിലടച്ചു; വിശദാംശം വ്യക്തമാക്കുമോ; | (ഡി) വിശദാംശങ്ങൾ **അനുബന്ധമായി** ചേർത്തിരിക്കുന്നു. |
| (ഇ) ഇതിൽ പ്രതികളായവരും, ജയിലിലടച്ചവരുമായ സർക്കാർ/ അർദ്ധസർക്കാർ/ പൊതുമേഖല/ സ്വകാര്യമേഖല/ഐ.റ്റി. ജീവനക്കാർ ആരെല്ലാമെന്നും വ്യക്തമാക്കുമോ? | (ഇ) ഇവയിൽ പ്രതികളായവരും, ജയിലിലടച്ചവരും സർക്കാർ/ അർദ്ധസർക്കാർ/ പൊതുമേഖല/സ്വകാര്യ മേഖല/ഐ.റ്റി ജീവനക്കാർ ആരെല്ലാമാണെന്നുള്ള വിവരങ്ങൾ **അനുബന്ധമായി** ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ... ആണ്